**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1248** — **07-12-2022 - ൽ മറുപടിയ്ക്ക്**

**ക്ഷീരോല്പാദനം ലാഭകരമാക്കാനും പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്താനും നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീമതി കെ.കെ.രമ** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ക്ഷീരോല്പാദനം ലാഭകരമാക്കുന്നതിനും ഉല്പാദിപ്പിക്കുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്താനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് ക്ഷീരോൽപാദന ചെലവ് കുറയ്ക്കുന്നതിനായി ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് പച്ചപ്പുല്ലും വയ്ക്കോലും സബ്സിഡി നിരക്കിൽ നൽകി വരുന്നു. പൊതുമേഖല സ്ഥാപനമായ കേരള ഫീഡ്സ് മുഖേന വിപണിവിലയേക്കാൾ വിലക്കുറവിൽ ഗുണമേന്മയുള്ള കാലിത്തീറ്റ ക്ഷീരകർഷകർക്ക് ലഭ്യമാക്കുന്നുണ്ട്. കൂടാതെ ക്ഷീരസംഘത്തിൽ അളക്കുന്ന ഓരോ ലിറ്റർ പാലിനും ക്ഷീരവികസന വകുപ്പിന്റെ ഒരു രൂപയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 3 രൂപയും ചേർത്ത് ആകെ 4 രൂപ ഇൻസെന്റീവ് നൽകുന്നുണ്ട്.<br><br>സംസ്ഥാനത്തിന്റെ അതിർത്തി പ്രദേശങ്ങളായ മീനാക്ഷിപുരം, ആര്യങ്കാവ്, പാറശ്ശാല എന്നിവിടങ്ങളിൽ പാലും പാലുല്പന്നങ്ങളും പരിശോധിക്കുന്നതിന് വേണ്ടി സ്ഥിരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിശേഷ ദിവസങ്ങളിൽ സംസ്ഥാനത്തിന് പുറത്ത് നിന്നും വരുന്ന പാലിന്റെയും പാലുല്പന്നത്തിന്റെയും ഗുണനിലവാരം പരിശോധിക്കുന്നതിനായി താൽക്കാലിക ഗുണനിയന്ത്രണ ലാബുകൾ സംസ്ഥാന അതിർത്തിയിൽ സ്ഥാപിച്ച് ഗുണനിലവാരം പരിശോധിച്ച് ഉറപ്പിക്കാറുണ്ട്. കൂടാതെ ജില്ലകളിൽ വിറ്റഴിക്കുന്ന പാക്കറ്റ് പാലിന്റെ സാമ്പിൾ ശേഖരിച്ച് അതാതു ജില്ലകളിലെ ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ പരിശോധന നടത്തുന്നുണ്ട്. മറ്റ് വിശദമായ പരിശോധന ആവശ്യമുള്ള പക്ഷം കാസർഗോഡ്, പാലക്കാട്, കോട്ടയം എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന റീജിയണൽ ലാബിലേക്കും തിരുവനന്തപുരത്ത |

| | | | |
|---|---|---|---|
| | | | പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഡയറി ലാബിലേക്കും സാമ്പിൾ ലഭ്യമാക്കാറുണ്ട്.<br><br>സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് 14 ജില്ലകളിലും വിറ്റഴിക്കുന്ന പാലിന്റെ സാമ്പിൾ ശേഖരിച്ച് അതാതു ജില്ലകളിലെ ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ പരിശോധന നടത്തുന്നുണ്ട്.<br><br>ഇതര സംസ്ഥാനങ്ങളിൽ നിന്നും എത്തുന്നതുൾപ്പെടെയുള്ള സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പാലിന്റേയും പാലുൽപ്പന്നങ്ങളുടേയും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ഭക്ഷ്യസുരക്ഷാ വകുപ്പ് നിരന്തരം പരിശോധനകൾ നടത്തി വരുന്നുണ്ട്. ഓണം പോലുള്ള ഉത്സവ വേളകളിൽ ക്ഷീരവികസന വകുപ്പുമായി ചേർന്ന് ചെക്ക് പോസ്റ്റുകളിൽ അന്യ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ട് വരുന്ന പാൽ പരിശോധിച്ച് നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | കാലിത്തീറ്റകൾക്ക് ഉണ്ടാകുന്ന വിലവർദ്ധനവ് സംസ്ഥാനത്തെ ക്ഷീര കർഷകരെ പ്രതികൂലമായി ബാധിക്കുന്ന സാഹചര്യത്തിൽ ഇത് നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ; | (ബി) | കാലിത്തീറ്റയുടെ അമിത വിലവർദ്ധനവും തീറ്റവസ്തുക്കളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി ക്ഷീരകർഷകർക്ക് പച്ചപ്പുല്ലും, വൈക്കോലും, സബ്സിഡി നിരക്കിൽ നൽകി വരുന്നു.<br><br>തീറ്റപ്പുൽ കൃഷി വ്യാപനത്തിനായി 760 ലക്ഷം രൂപ തൻവർഷം വകയിരുത്തിട്ടുണ്ട്. കൂടാതെ സൈലേജ് നിർമ്മാണവും വിപണനവും വ്യാപിപ്പിക്കുന്നതിനുള്ള കർമ്മ പദ്ധതികൾ രൂപപ്പെടുത്തി വരുന്നു. അന്യസംസ്ഥാനത്ത് നിന്നും ഉണക്കപ്പുല്ലും മറ്റ് കാലിത്തിറ്റ സാമഗ്രികളും കേരളത്തിലേയ്ക്ക് എത്തിച്ച് തദ്വാര തീറ്റചെലവ് കുറച്ച് ആദായകരമായ ക്ഷീരവൃത്തി ഉറപ്പാക്കുന്നതിനുള്ള കർമ്മ പദ്ധതികൾ രൂപപ്പെടുത്തി വരുന്നു<br><br>ഉത്പാദനചെലവ് കൂടുവാനുള്ള കാരണം അസംസ്കൃതവസ്തുക്കളുടെ അഭൂതപൂർവ്വമായ വിലവർദ്ധനവ് ആയതിനാൽ പൊതുമേഖല സ്ഥാപനമായ കേരളാ ഫീഡ്സ് മുഖേന ന്യായമായ വിലയ്ക്ക് ഗുണമേന്മയുള്ള കാലിത്തീറ്റ ക്ഷീരകർഷകർക്ക് ലഭ്യമാക്കുന്നതിന്റെ ഭാഗമായി ചാക്കൊന്നിന് 250 രൂപ വർദ്ധിപ്പിക്കുന്നതിന് പകരം ചാക്കൊന്നിന് 150 രൂപ മാത്രമായി നിജപ്പെടുത്തുകയാണ് ഉണ്ടായത്. ഈ വിലവർദ്ധനവ് 01.11.2022 മുതലാണ് പ്രാബല്യത്തിൽ വന്നത്. നിലവിൽ കേരള ഫീഡ്സിന്റെ വില പ്രമുഖ സ്വകാര്യകമ്പനിയുടെ കാലിത്തീറ്റയുടെ വിലയുമായി |

| | | | |
|---|---|---|---|
| | | | താരതമ്യം ചെയ്യുമ്പോൾ ചാക്കൊന്നിന് 35 രൂപ കുറവാണ്.<br><br>2019 മുതൽ 2022 ഒക്ടോബർ മാസം വരെ കേരളാ ഫീഡ്സ് കാലിത്തീറ്റയുടെ വില വർദ്ധിപ്പിച്ചിട്ടില്ല. എന്നാൽ മേൽ പറഞ്ഞ സാഹചര്യത്തിൽ കാലിത്തീറ്റയുടെ വില വർദ്ധിപ്പിച്ചുവെങ്കിലും വിപണി വിലയേക്കാൾ ഇപ്പോഴും ഒരു കിലോയ്ക്ക് 70 പൈസ കുറവാണ് കേരള ഫീഡ്സ് കാലിത്തീറ്റയ്ക്കുള്ളത്. |
| (സി) | പാലിന്റെ കൈകാര്യ ചെലവ് പരമാവധി കുറച്ച് ക്ഷീര കർഷകർക്ക് പരമാവധി വില ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | (സി) | പാൽ വില ലിറ്ററിന് 6 രൂപ വർദ്ധിപ്പിച്ചപ്പോൾ വർദ്ധനവിന്റെ 83.75 ശതമാനം, അതായത് 5.025 രൂപ കർഷകർക്ക് ലഭിക്കുന്ന രീതിയിലായാണ് വിലവർദ്ധനവ് ക്രമപ്പെടുത്തിയിട്ടുള്ളത്. ക്ഷീര കർഷക ക്ഷേമനിധി ബോർഡിന് 0.75 ശതമാനവും (0.045 രൂപ), ഡീലർമാർക്കും സംഘങ്ങൾക്കും 5.75 ശതമാനം വീതം (0.345 രൂപ) ,മിൽമയ്ക്ക് 3.5 ശതമാനവും (0.21 രൂപ), പ്ലാസ്റ്റിക് നിർമ്മാർജ്ജനത്തിന് 0.5 ശതമാനവും (0.03രൂപ), ലഭ്യമാകുന്ന രീതിയിലാണ് വിഭജിച്ചിരിക്കുന്നത്. 3.0/8.5 ഗുണനിലവാരമുള്ള പാൽ സംഘത്തിൽ കർഷകർ നൽകുമ്പോൾ 5.025 രൂപ കർഷകന് അധികമായി ലഭിക്കും. ഗുണ നിലവാരത്തിനനുസരിച്ച് അധികവില ലഭിക്കുന്ന രീതിയിലുള്ള ചാർട്ടാണ് മൊത്ത ഖര പദാർത്ഥങ്ങളുടെ അളവിനനുസരിച്ച് കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ തയ്യാറാക്കിയിരിക്കുന്നത്.<br><br>പാൽ സംഭരണത്തിനും വിതരണത്തിനുമുള്ള ട്രാൻസ്പോർട്ടേഷൻ കോസ്റ്റ് കുറയ്ക്കുന്നതിനായി റൂട്ടുകൾ ക്രമീകരിച്ച് പാലിൻറെ കൈകാര്യചെലവ് കുറക്കുന്നതിന് ശ്രമിക്കുന്നുണ്ട്. എനർജ്ജി മാനേജ്മെൻറ് സിസ്റ്റം നല്ലരീതിയിൽ പ്രാവർത്തികമാക്കുന്നതുവഴിയും ഉത്പ്പാദന ചെലവ് കുറക്കുന്നുണ്ട്. ബോയിലർ റഫ്രിജ്ജറേഷൻ എന്നിവയിലും നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ചിട്ടുണ്ട്. മാൻപവർ ആഡിറ്റ് നടത്തി പ്രൊഡക്റ്റിവിറ്റി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരിക്കുന്നത് പാലിൻറെ കൈകാര്യചെലവ് കുറക്കുവാൻ സഹായിക്കുന്നു. |

സെക്ഷൻ ഓഫീസർ